## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2315 — 18.06..2014-ലെ മറുപടിയ്ക്ക്

### സംസ്ഥാനത്ത് പകർച്ച വ്യാധികൾ വ്യാപിക്കുന്നതിനിടയായ സാഹചര്യം

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഡെങ്കിപ്പനി, മലേറിയ, കോളറ തുടങ്ങിയ പകർച്ച വ്യാധികൾ വ്യാപിക്കുന്നതിനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന മാറ്റം, കാലാവസ്ഥാ വ്യതിയാനം, നഗരവൽക്കരണം, വന നശീകരണം എന്നീ കാരണങ്ങൾകൊണ്ടാണ് ഡെങ്കിപ്പനി, മലേറിയ തുടങ്ങിയ രോഗങ്ങൾ വർദ്ധിക്കുവാൻ കാരണം. ജല ദൗർലഭ്യവും കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണവും കോളറ പോലുള്ള രോഗങ്ങൾ വ്യാപിക്കുവാൻ കാരണമാകുന്നു. വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, റബ്ബർ, പൈനാപ്പിൾ, കൊക്കോ തുടങ്ങിയ പ്ലാന്റേഷനുകൾ, ജല ശുദ്ധീകരണത്തിലെ അപാകത എന്നിവയും മേൽപ്പറഞ്ഞ രോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. |
| ബി) ഇത് നിയന്ത്രിക്കുന്ന തിന് എ ന്തൊക്കെ നടപടികളാണ് ഇതു വരെ സ്വീകരിച്ചതെന്ന് രേഖാമൂലം വ്യക്തമാക്കാമോ; | (ബി) പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള ഈ വർഷത്തെ കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മുതൽ ചിട്ടയായി നടന്നു വരുന്നു. മുഖ്യ മന്ത്രിയുടെയും ആരോഗ്യ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ സംസ്ഥാന തലത്തിലും, ജില്ലകളിലും താഴെ തട്ടിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തു. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം കൊടുത്തു. കൈപ്പുസ്തകങ്ങളും ചികിത്സാ മാർഗ്ഗരേഖകളും തയ്യാറാക്കി വിതരണം ചെയ്തു. |

| | |
|---|---|
| | ഏപ്രിൽ മേയ് മാസങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണം, കൊതുകുറവിട നശീകരണ ക്യാമ്പെയിനുകൾ, ജലശുദ്ധീകരണ ക്യാമ്പെയിനുകൾ തുടങ്ങിയവ നടപ്പിലാക്കി.<br>ഐ. ഡി.എസ്.പി. വഴി വിവിധ ജില്ലകളിൽ രോഗ നിരീക്ഷണംനടത്തി രോഗം പൊട്ടിപ്പുറപ്പെടാൻ സാദ്ധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് സത്വര നിയന്ത്രണ നടപടികൾ തുടർച്ചയായി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.<br>കൊതുക നിരീക്ഷണം , ശുചിത്വ നിരീക്ഷണം തുടങ്ങിയവ കാര്യക്ഷമമാക്കി.<br>മരുന്ന്, കൊതുക നിയന്ത്രണ ഉപകരണങ്ങൾ, കീടനാശിനികൾ മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.<br>വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾക്കുൾപ്പെടെയുള്ള പകർച്ചവ്യാധി നിന്ത്രണത്തിന് ഫണ്ട് ലഭ്യമാക്കി.<br>രോഗം പൊട്ടിപ്പുറപ്പെടുന്നതനുസരിച്ച് പനി ക്ലിനിക്കുകൾ, പനി വാർഡുകൾ മൊബൈൽ ക്ലിനിക്കുകൾ എന്നിവ ആവശ്യാനുസരണം തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് പകർച്ചപ്പനിയും മറ്റും ബാധിച്ച് എത്ര പേർ മരണപ്പെട്ടെന്ന് ജില്ല വേർതിരിച്ച് വ്യക്തമാക്കാമോ? | പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## District wise Deaths due to Communicable Diseases in 2014 upto June 10th

| District | Fever | Chikungunya | Dengue | Leptospirosis | Malaria | H1N1 |
|---|---|---|---|---|---|---|
| Thiruvananthapuram | 8 | - | - | - | - | - |
| Kollam | - | - | 1 | - | 1 | 1 |
| Pathanamthitta | - | - | - | 1 | - | - |
| Idukki | - | - | - | 1 | - | - |
| Kottayam | - | - | - | - | - | - |
| Alappuzha | - | - | 1 | 3 | - | - |
| Ernakulam | - | - | - | - | - | - |
| Thrissur | 2 | - | - | 4 | - | - |
| Palakkad | - | - | - | 1 | - | - |
| Malapuram | 1 | - | - | - | - | 1 |
| Kozhikkode | - | - | - | - | - | 1 |
| Wayanad | - | - | - | - | - | - |
| Kannur | - | - | - | - | - | - |
| Kasargode | - | - | - | - | - | - |
| Total | 11 | - | 2 | 10 | 1 | 3 |

(signature)

സെക്ഷൻ ഓഫീസർ